(സി) ഇതിനുവേണ്ടി എന്ത്തുക നീക്കിവച്ചിട്ടുണ്ട് ;

(ഡി) എന്തുതുക ഇതിനകം ചെലവഴിച്ചു ?

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്) : (എ ബി) ഒരു പൊതു മേഖലാസ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ആലപ്പുഴ, മുഹമ്മ, ചേർത്തല, എന്നിവിടങ്ങളിൽ മൂന്ന് കയറുപായ് നിർമ്മാണ ഫാക്ടറികൾ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചതിൽ ആലപ്പുഴ, ചേർത്തല എന്നിവിടങ്ങളിൽ ഉദ്ദേശിച്ചിരുന്ന ഫാക്ടറികൾ തത്വത്തിൽ അംഗീകരിക്കുകയും മുഹമ്മയിലുള്ള ഫാക്ടറിക്കു അംഗീകാരം നൽകുകയും ചെയ്തു. ഇതിനാവശ്യമായ 6.5 ഏക്കർ സ്ഥലം പൊന്നുംവിലക്ക് എടുക്കാനുള്ള നടപടികൾ കോർപ്പറേഷൻ ആരംഭിച്ചിരുന്നതാണ്. എന്നാൽ ഗവൺമെന്റുടമയിൽ പുന്നപ്ര ഡവലപ്പ്മെന്റ് ബ്ലോക്കിൽ സ്ഥലം ആദായകരമായും കാലവിളംബമില്ലാതെയും കിട്ടുവാൻ സാദ്ധ്യതയുണ്ടെന്നു മനസിലാക്കി കമ്പനിയുടെ ഡയറക്ടർ ബോർഡ് കഞ്ഞിക്കുഴിയിൽ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് അംഗീകാരം ലഭിച്ച ഫാക്ടറിയുടെ ലൊക്കേഷൻ പുന്നപ്രയിൽ സ്പ്രൂട്ടർ പ്രോജക്റ്റ്വക സ്ഥലത്തിൽനിന്നും കയർ കോർപ്പറേഷന്റെ പേരിൽ വ്യവസായ ഡിപ്പാർട്ട്മെന്റിൽനിന്ന് വാങ്ങിയ സ്ഥലത്തേക്ക് മാറ്റുന്നതിന് നിശ്ചയിക്കുകയും ഇതിൻപ്രകാരം ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്ററിൽ 1000 രൂപ ഏണസ്റ്റ് മണി ഡിപ്പോസിറ്റ് അടച്ച് കോർപ്പറേഷന്റെ പേരിൽ 6.5 ഏക്കർ സ്ഥലം അനുവദിച്ചുവാങ്ങുകയും ചെയ്തു. ഇതിന്റെ ആദ്യ ഗഡുവായ 20% അതായത് 94,476,60 രൂപ അടയ്ക്കുന്ന മുറക്ക് സ്ഥലം കൈവശം കിട്ടുന്നതാണ്. ഇതിന്റെ മൊത്തവില 4,27,336,60 രൂപയാണ്. എന്നുമുതൽ പ്രവർത്തനം ആരംഭിക്കണമെന്നകാര്യം തീരുമാനിച്ചിട്ടില്ല.

(സി) മൂന്ന് ഫാക്ടറികൾക്കുമായി വേണ്ടുന്ന മുതൽമുടക്ക് 261 ലക്ഷം രൂപയാണ്. ഇതിൽ ഗവൺമെന്റ് വഹിക്കാനുള്ള ഷെയർ 96 ലക്ഷം രൂപയാണ്. 1985-86-ൽ കയർ കോർപ്പറേഷനിൽ ഷെയർ ഇനത്തിൽ 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) സ്ഥലം വാങ്ങുന്നതിനുവേണ്ടിയുള്ള പ്രാഥമിക ചിലവുകളല്ലാതെ, കോർപ്പറേഷൻ മറൊരു തുകയും ഇതിലേക്ക് വേണ്ടി ചിലവഴിച്ചിട്ടില്ല.

പട്ടയഭൂമി

*324 [383] ശ്രീ. ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് പട്ടയം വിതരണം ചെയ്യുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ബി) പട്ടയം വിതരണം നടത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(സി) മരങ്ങൾക്കുവേണ്ടി ഫീസ് അടച്ചതിനുശേഷം പട്ടയം നൽകിയ ഭൂമിയിൽനിന്നും മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഗവൺമെന്റ് അനുവാദം കൊടുക്കാതിരിക്കുന്നതിനുള്ള കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പട്ടയം നൽകിയ ഭൂമിയിൽ ഉടമസ്ഥർ നട്ടുവളർത്തിയ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുവാദം നൽകിക്കൊണ്ട് സർക്കാർ ഉത്തരവിടുമോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ;

(എഫ്) ദേവികുളം താലൂക്കിലുള്ള വെള്ളത്തൂവൽ, പള്ളിവാസൽ മുതലായ പഞ്ചായത്തുകളിലെ പട്ടയഭൂമിയിലുള്ളതും ഉടമസ്ഥർ നട്ടു വളർത്തിയിട്ടുള്ളതുമായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവിടാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) പതിച്ചുകൊടുക്കാൻ പറ്റിയ ഭൂമി കൂടുതലുള്ള താലൂക്കുകളിൽ സ്പെഷ്യൽ തഹസീൽദാർമാരേയും അല്ലാത്തിടങ്ങളിൽ താലൂക്ക് തഹസീൽദാർമാരേയും ഭൂമി പതിച്ച് പട്ടയംകൊടുക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. ഭൂമി പതിവിൽ ഓരോ മാസവുമുള്ള പുരോഗതി അവലോകനം ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) 1964-ലെ കേരള ഭൂമിപതിവ് ചട്ടത്തിലെ വ്യവസ്ഥകളനുസരിച്ചാണ് സർക്കാർ വക ഭൂമി പതിച്ചുനൽകുന്നത്. 1-8-1971-ന് മുമ്പുള്ള കൈവശക്കാർക്ക്, അവരുടെ കൈവശാവകാശം നിയമവിരുദ്ധമല്ലെങ്കിൽ കൈവശഭൂമി പതിച്ച് നൽകാവുന്നതാണ്. ഇപ്രകാരം ഭൂമി പതിച്ചുകിട്ടുന്നതിന് വാർഷിക വരുമാനം 3,000 രൂപയിൽ കൂടുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പതിച്ചുകിട്ടിയ ഭൂമിയുടെ ആവശ്യം (വീട് വയ്ക്കുന്നതിനോ കൃഷിക്കോ) അനുസരിച്ച് പട്ടയം ലഭിച്ച് ഒരു വർഷത്തിനകം പ്രസ്തുത ആവശ്യത്തിന് ഉപയോഗപ്പെടുത്തേണ്ടതാണ്. പതിച്ചുകൊടുക്കുന്ന ഭൂമി അനന്തരാവകാശപ്പെട്ടതും, ഒരു നിശ്ചിത കാലയളവിനുശേഷം കൈമാറ്റം ചെയ്യാവുന്നതുമാണ്. വീട് വയ്ക്കുന്നതിനോ ഭൂമിയുടെ വികസനത്തിനോ കൃഷി ആവശ്യങ്ങൾക്കോ വായ്പ ലഭിക്കുന്നതിന് സർക്കാരിനോ മറ്റ് അംഗീകൃത സ്ഥാപനങ്ങൾക്കോ പട്ടയം ഈട് വയ്ക്കാവുന്നതാണ്.

(സി) ഭൂമിപതിവുചട്ടം അനുബന്ധം മൂന്ന് എ, ബി ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന മരങ്ങൾക്ക് ചട്ടപ്രകാരം മരവില അടച്ചശേഷം പട്ടയക്കാരന് വിട്ടുകൊടുക്കാവുന്നതാണ്. എന്നാൽ 1984-ലെ വൃക്ഷസംരക്ഷണ ഓർഡിനൻസ് ചിലതരം മരങ്ങൾ മുറിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

(ഡി & ഇ) ചിലയിനം മരങ്ങൾ മുറിച്ചുമാറ്റാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

(എഫ്) നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരിശോധിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത

*325 [384] ശ്രീ. കെ. ശങ്കരനാരായണപിള്ള :
,, എ.സി. ഷൺമുഖദാസ് :
,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത എത്ര ;

LIBRARY ARCHIVES Kerala Legislative Assembly